# ഉറങ്ങുവാൻ നേരമായ്



മൈസൂന

ഇന്നീ രാവും ഈറൻ നിലാവും
**സാക്ഷിയായ്**....
അവസാന ചോറുരുള വാരിതരുന്നമ്മ

പൊള്ളുന്ന ചോറിൽ വാത്സല്യം കുഴച്ചമ്മ
ഊട്ടുന്ന നേരം...
കണ്ണുനീർ ഒപ്പിയും ചുണ്ടുകൾ വിതുമ്പിയും
അമ്മ മൊഴിയുന്നു...
ഉണ്ണു നീ ഓമനേ... ഉറങ്ങുവാൻ നേരമായ്..

ചോറിലെ വിഷത്തിന്മേൽ വാത്സല്യം
പകരുമ്പോൾ... രുചിഭേദമറിയാതെ
കുഞ്ഞിരുന്നുണ്ണുന്നു...

അമ്മതൻ നെഞ്ചിലെ ചൂടേറ്റുറങ്ങവേ..
മാന്ത്രിക കുതിരയും രാജകുമാരനും
ഉണ്ണിതൻ കണ്ണിലൂടൊഴുകി നീങ്ങുന്നു...

മടങ്ങി വരാത്തൊരു ദേശത്തേക്കാണാ
പോന്നോമനയുടെ  യാത്രയെന്നറിയാം....
ഇന്നിത് മതിയുണ്ണീ നമ്മൾക്കുറങ്ങുവാൻ
നേരമായ്....

